# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 864     11.06.2014 -ൽ മറുപടിക്ക്

## വെള്ളക്കരം കുടിശ്ശിക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ.എസ്.സലീഖ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാര മേൽക്കുമ്പോൾ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക എത്രയായിരുന്നു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന സാമ്പത്തിക വർഷം തുടക്കത്തിൽ, 01/04/2011-ലെ കണക്കനുസരിച്ച് ഗാർഹിക, ഗാർഹികേതര, വ്യാവസായിക, പൊതുടാപ്പ് എന്നീ വിഭാഗത്തിൽ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ ഫൈനും പിഴപ്പലിശയും ഉൾപ്പെടെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക 483.01 കോടി രൂപയായിരുന്നു. |
| (ബി) ആയത് ഇപ്പോൾ എത്ര; വ്യക്തമാക്കുമോ; | (ബി) 31/03/2014-ലെ കണക്കനുസരിച്ച് ഗാർഹിക, ഗാർഹികേതര, വ്യാവസായിക, പൊതുടാപ്പ് എന്നീ വിഭാഗത്തിൽ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ ഫൈനും പിഴപ്പലിശയും ഉൾപ്പെടെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക 613.78 കോടി രൂപയാണ്. |
| (സി) നിലവിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ/പൊതുമേഖല/ സ്വകാര്യമേഖല സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ; | (സി) നിലവിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സ്ഥാപനം കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആണ്. |

| | | | |
|---|---|---|---|
| (ഡി) | വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ലഭിക്കുന്ന വരുമാനം നിലവിൽ എത്ര കോടി രൂപയാണ് ; | (ഡി) | 2013-14 സാമ്പത്തിക വർഷം ഗാർഹിക, ഗാർഹികേതര, വ്യാവസായിക, പൊതുടാപ്പ് എന്നീ വിഭാഗത്തിൽ വെള്ളക്കരം ഇനത്തിൽ 315.18 കോടി രൂപ പിരിഞ്ഞുകിട്ടി. പ്രതിമാസ വരുമാനം ഏകദേശം 26.27 കോടി രൂപയാണ്. |
| (ഇ) | ശമ്പളം, പെൻഷൻ, അറ്റകുറ്റപണികൾ , വൈദ്യുതി എന്നിവയ്ക്കായി പ്രതിമാസം ചെലവ് എത്ര കോടിയാണ്; വ്യക്തമാക്കുമോ ; | (ഇ) | 2014 മേയ് മാസത്തെ കണക്കനുസരിച്ച് ശമ്പള ഇനത്തിൽ ദിവസക്കൂലി ഉൾപ്പെടെ 28.70 കോടി രൂപയും പെൻഷൻ ഇനത്തിൽ 10.38 കോടി രൂപയും ചിലവായി. വൈദ്യുതി ഇനത്തിൽ 18.40 കോടിയോളം രൂപയാണ് പ്രതിമാസ ബാധ്യത. 2014 ജനുവരി-മാർച്ച് മാസത്തെ കണക്കനുസരിച്ച് അറ്റകുറ്റപണികൾക്കും കെമിക്കൽസിനും വേണ്ടി പ്രതിമാസം 7.00 കോടി രൂപ ചിലവാകും |
| (എഫ്) | 2013-14 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പദ്ധതിയേതര വിഹിതമായി നീക്കിവച്ചിരുന്നത്; ആയതിൽ എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | (എഫ്) | 2013-14 സാമ്പത്തിക വർഷം 198.64 കോടി രൂപയാണ് പദ്ധതിയേതര വിഹിതമായി നീക്കിവച്ചിരുന്നത്. ആയതിൽ മുഴുവൻ തുകയും ചിലവഴിച്ചു. |

സെക്ഷൻ ഓഫീസർ